"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരമുള്ള തുക അനുവദിക്കുന്നതിന് കാലതാമസമുണ്ടായ കാലയളവിൽ തുകയുടെ 15% പലിശ കണക്കാക്കി 11,64,152/ രൂപ കക്ഷിയായ ശ്രീ. പരമേശ്വരൻ നായർക്ക് "4217-60-800-93 (Plan) " എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1169/2023/LSGD തീയതി,തിരുവനന്തപുരം, 05-06-2023

---

പരാമർശം:-

1. സ.ഉ.(സാധ) നം. 1132/2020/തസ്വഭവ തീയതി 13.06.2020
2. ബഹു. കേരള ഹൈക്കോടതിയുടെ WP(C) No. 17528/2021 നമ്പർ കേസിലെ 17-02-2023 ലെ വിധിന്യായം
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 19/05/2023ലെ കെ.16-33408/16 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം-മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡ് വികസനവുമായി ബന്ധപ്പെട്ട് ശ്രീ. ബി. പരമേശ്വരൻ നായർ ഫയൽ ചെയ്ത *LAR* കേസിലെ വിധി നടപ്പാക്കുന്നതിനായി, പൊന്നുംവില സെക്ഷൻ 28 എ പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 1,49,46,820/- രൂപ റിലീസ് ചെയ്യുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ 28.02.2019ൽ ജില്ലാ കളക്ടർ അവാർഡ് തുക പാസാക്കിയെങ്കിലും മേൽ തുക അനുവദിച്ച് നൽകിയത് 21.08.2020ൽ മാത്രമണാണെന്നും 539 ദിവസത്തെ കാലതാമസമുണ്ടായെന്നും അതിനാൽ 01.04.2019 മുതൽ 20.08.2020 വരെയുള്ള കാലയളവിലേയ്ക്ക് 15% നിരക്കിൽ പലിശയും നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ശ്രീ. പരമേശ്വരൻ നായരുടെ അപേക്ഷയിന്മേൽ പരാമർശം (2) പ്രകാരം പലിശ ഇനത്തിലെ തുക അനുവദിക്കുവാൻ ബഹു. കേരള ഹൈക്കോടതി ഉത്തരവായിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടം-മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡ് വികസനവുമായി ബന്ധപ്പെട്ട് ശ്രീ. ബി. പരമേശ്വരൻ നായർ ഫയൽ ചെയ്ത *LAR* കേസിലെ വിധി നടപ്പാക്കുന്നതിനായി, പൊന്നുംവില സെക്ഷൻ 28 എ പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുക അനുവദിച്ചു നൽകുവാൻ കാലതാമസം ഉണ്ടായ 01.04.2019 മുതൽ 20.08.2020 വരെയുള്ള കാലയളവിൽ തുകയുടെ 15% പലിശ കണക്കാക്കി Rs. 11,64,152/-( പതിനൊന്ന് ലക്ഷത്തി അറുപത്തി നാലായിരത്തി ഒരുന്നൂറ്റി അൻപത്തി രണ്ട് രൂപ മാത്രം) "4217-60-800-93 (Plan)" എന്ന ശീർഷകത്തിൽ നിന്നും ശ്രീ. പരമേശ്വരൻ നായർക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ശ്രീ. പരമേശ്വരൻ നായർ, റ്റി.സി.7/1597/ഭഗീരതി ഭവൻ, കൊച്ചുള്ളൂർ, തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ.), തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ / ഓഫീസ് കോപ്പി (File No. IA2/39/2023)

ഉത്തരവിൻ പ്രകാരം
Signed by
Suja S K
Date: 06-06-2023 10:53:58
സെക്ഷൻ ഓഫീസർ